# ധനകാര്യസ്ഥാപനങ്ങളും സേവനങ്ങളും SS2- 9

**0. ഭാരതീയ റിസർവ് ബാങ്കിനെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.**

-ഇന്ത്യയുടെ കേന്ദ്ര ബാങ്ക് ആണ് ഭാരതീയ റിസർവ് ബാങ്ക്.
-ഈ സ്ഥാപനം സ്ഥാപിതമായത് 1935-ലാണ്.
-മുംബൈ ആണ് ഭാരതീയ റിസർവ് ബാങ്കിന്റെ ആസ്ഥാനം.

**1. റിസർവ് ബാങ്കിന്റെ ധർമ്മങ്ങൾ.**

-നോട്ട് അച്ചടിച്ചിറക്കൽ.
-വായ്പ നിയന്ത്രിക്കൽ.
-സർക്കാരിൻെറ ബാങ്ക്.
-ബാങ്കുകളുടെ ബാങ്ക് എന്നിവയെല്ലാമാണ് സ്റ്റേറ്റ് ബാങ്കിന്റെ ധർമ്മങ്ങൾ.

**2. റിസർവ് ബാങ്ക് നോട്ട് അടിച്ചിറക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുക.**

-ഇന്ത്യയിൽ ഒരു രൂപ ഒഴികെയുള്ള എല്ലാ നോട്ടുകളും അച്ചടിച്ചിറക്കുന്നത് ഭാരതീയ റിസർവ് ബാങ്ക് ആണ്.
-ഒരു രൂപ നോട്ടും അനുബന്ധ നാണയങ്ങളും അടിച്ചിറക്കുന്നത് കേന്ദ്ര ധനകാര്യ വകുപ്പാണ്.
-നോട്ട് അടിക്കുന്നത് നിശ്ചിത മൂല്യം വരുന്ന സ്വർണമോ വിദേശനാണ്യശേഖരമോ കരുതലായി സൂക്ഷിക്കുന്നു.

**3. റിസർവ് ബാങ്ക് വായ്പ നിയന്ത്രിക്കുന്നത് എങ്ങനെ എന്ന് വ്യക്തമാക്കുക**

-വായ്പയുടെ നിയന്ത്രണം റിസർവ് ബാങ്കിന്റെ പ്രധാന ചുമതലയാണ്.
-പലിശ നിരക്കിൽ മാറ്റം വരുത്തിയാണ് ഇത് സാധിക്കുന്നത്.
-പലിശനിരക്ക് കൂടുമ്പോൾ വായ്പയുടെ അളവ് കുറയുന്നു.
-പലിശനിരക്ക് കുറയുമ്പോൾ വായ്പയുടെ അളവ് കൂടുന്നു.
-ഭാരതീയ റിസർവ് ബാങ്ക് നോട്ട് അച്ചടിച്ച് വിതരണം ചെയ്യുക വഴിയോ വായ്പ വഴിയോ ആണ് ഇന്ത്യയുടെ സമ്പത്ത് വ്യവസ്ഥയിൽ പണലഭ്യത വർദ്ധിക്കുന്നത്.

**4. ഭാരതീയ റിസർവ് ബാങ്ക് സർക്കാരിന്റെ ബാങ്കായി പ്രവർത്തിക്കുന്നതെങ്ങനെ?**

**-**കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ ബാങ്കായി പ്രവർത്തിക്കുക എന്നത് റിസർവ് ബാങ്കിന്റെ ധർമ്മമാണ്.
**-**കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുകയും അവർക്ക് വായ്പ നൽകുകയും മറ്റ് ബാങ്കിംഗ് സേവനങ്ങൾ നൽകുകയും ചെയ്യുന്നത് റിസർവ് ബാങ്ക് ആണ്.
**-**സർക്കാരുകൾക്കായി ചെയ്യുന്ന സേവനങ്ങൾക്ക് ഭാരതീയ റിസർവ് ബാങ്ക് യാതൊരു പ്രതിഫലവും വാങ്ങുന്നില്ല.

**5. റിസർവ് ബാങ്ക് ബാങ്കുളുടെ ബാങ്കായി പ്രവർത്തിക്കുന്നതെങ്ങനെ?**

**-**എല്ലാ ബാങ്കുകളുടെയും അമരക്കാരനാണ് റിസർവ് ബാങ്ക്.
**-**ബാങ്കുകളുടെ പ്രവർത്തനങ്ങളെ സഹായിക്കുകയും ബാങ്കുകൾക്ക് ഉപദേശം നൽകുകയും ചെയ്യുക എന്നത് റിസർവ് ബാങ്കിന്റെ ധർമ്മമാണ്.
**-**റിസർവ് ബാങ്ക് എല്ലാ ബാങ്കുകളുടെയും പണ സംബന്ധമായ കാര്യങ്ങളുടെ അവസാന ആശ്രയമായി പ്രവർത്തിക്കുന്നു.

**6. എന്താണ് ധനകാര്യസ്ഥാപനങ്ങൾ**

**-**നിക്ഷേപം**,** വായ്പ തുടങ്ങിയ സാമ്പത്തിക ഇടപാടുകൾ നടത്തുന്ന സ്ഥാപനങ്ങളാണ് ധനകാര്യസ്ഥാപനങ്ങൾ**.**

BIJU K.K, HSA SOCIAL SCIENCE, GHS TUVVUR

**7. എന്താണ് ബാങ്കുകൾ?**

**-പൊതുജനങ്ങളിൽനിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുകയും ആവശ്യക്കാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി വായ്പകൾ നൽകുകയും ചെയ്യുന്ന സ്ഥാപനങ്ങളാണ് ബാങ്കുകൾ.**

**-ഭാരതീയ റിസർവ് ബാങ്ക് തയ്യാറാക്കിയിട്ടുള്ള പൊതു നിയമാവലിയുടെയും, നിബന്ധനകളുടെയും അടിസ്ഥാനത്തിലാണ് ബാങ്കുകൾ പ്രവർത്തിക്കുന്നത്.**

**-വ്യക്തികൾ, സ്ഥാപനങ്ങൾ, സർക്കാർ എന്നിവയിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുമ്പോൾ ബാങ്ക് അവർക്ക് പലിശ നൽകുന്നു.**

**-വ്യക്തികൾ, സ്ഥാപനങ്ങൾ, സർക്കാർ എന്നിവയ്ക്ക് ബാങ്ക് വായ്പ നൽകുമ്പോൾ അവരിൽനിന്നും പലിശ ഈടാക്കുന്നു.**

**-നിക്ഷേപങ്ങൾക്ക് ബാങ്ക് നൽകുന്ന പലിശയെക്കാൾ കൂടുതലായിരിക്കും വായ്പകൾക്ക് ബാങ്ക് ഈടാക്കുന്ന പലിശ.**

**-ഈ പലിശകൾ തമ്മിലുള്ള വ്യത്യാസമാണ് ബാങ്കിന്റെ പ്രധാന വരുമാനം.**

**8. ബാങ്കുകളുടെ വളർച്ച ഇന്ത്യയിൽ കുറിപ്പ്തയ്യാറാക്കുക.**

**-1770 ൽ ആരംഭിച്ച ബാങ്ക് ഓഫ് ഹിന്ദുസ്ഥാൻ ആണ് ഇന്ത്യയിലെ ആധുനിക രീതിയിലുള്ള ആദ്യത്തെ ബാങ്ക്.**

**-അന്നുമുതൽ ഇന്നുവരെയുള്ള ബാങ്കിംഗ് മേഖലയിലെ വളർച്ചയെ മൂന്ന് ഘട്ടങ്ങളായി തിരിക്കാം**

***ഒന്നാംഘട്ടം**

**-1770 മുതൽ 1969 ലെ ബാങ്ക് ദേശസാൽക്കരണം വരെയുള്ള കാലഘട്ടമാണ് ആദ്യഘട്ടം.**

**-ബാങ്ക് ഓഫ് ബംഗാൾ**

**-ബാങ്ക് ഓഫ് ബോംബെ**

**-ബാങ്ക് ഓഫ് മദ്രാസ് എന്നീ പ്രസിഡൻസി സമഗ്രകൾ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി സ്ഥാപിച്ചത് ഈ ഘട്ടത്തിലാണ്.**

**-ഈഘട്ടത്തിൽ ബാങ്കുകളുടെ പ്രവർത്തനവും വളർച്ചയും സാവധാനത്തിൽ ആയിരുന്നു.**

***രണ്ടാം ഘട്ടം**

**-1969 മുതൽ 1990 വരെ രണ്ടാം ഘട്ടം.**

**-ബാങ്കുകളുടെ പ്രവർത്തനം വേഗത്തിലായി.**

**-സാമൂഹിക പുരോഗതി ലക്ഷ്യമാക്കി ബാങ്കുകളെ ദേശസാൽക്കരിച്ചത് രണ്ടാം ഘട്ടത്തിലാണ്.**

**-1969 ൽ 14 ബാങ്കുകളും 1986 ൽ 6 ബാങ്കുകളും ദേശസാൽക്കരിച്ചു.**

**-1993 ദേശസാൽകൃത ബാങ്കായ ന്യൂ ബാങ്ക് ഓഫ് ഇന്ത്യ പഞ്ചാബ് നാഷണൽ ബാങ്കിൽ ലയിച്ചു.**

***മൂന്നാംഘട്ടം.**

**-1991 മുതൽ ഉള്ളതാണ് മൂന്നാംഘട്ടം.**

**-ഈ ഘട്ടത്തിൽ അടിസ്ഥാന ധർമ്മങ്ങൾ നിറവേറ്റുന്നതോടൊപ്പം തന്നെ മറ്റനേകം സേവനങ്ങളും ബാങ്കുകൾ നൽകാൻ തുടങ്ങി**

**-എടിഎം ക്രെഡിറ്റ് കാർഡ് ഫോൺ ബാങ്ക് നെറ്റ് ബാങ്കിംഗ് കോർബാങ്കിംഗ് മുതലായ നൂതന സംവിധാനങ്ങൾ മൂന്നാം ഘട്ട വികസനത്തിന്റെ ഫലമാണ്.**

**-ഈ ഘട്ടത്തിൽ ലൈസൻസ് ലഭിച്ച സ്വകാര്യബാങ്കുകൾ പുത്തൻ തലമുറ ബാങ്കുകൾ എന്നറിയപ്പെടുന്നു.**

**-പൊതുമേഖലാ ബാങ്കുകളെ ലയിപ്പിച്ചു കൊണ്ട് ബാങ്കിംഗ് മേഖലയിൽ ധാരാളം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.**

**-ഇന്ത്യയിലെ ഏറ്റവും വലിയ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ 2017 ഏപ്രിൽ 1 ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദരാബാദ്, സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് പാടാല, ഭാരതീയ മഹിളാ ബാങ്ക് എന്നിവ ലയിച്ചു.**

**9. വർത്തനത്തെ അടിസ്ഥാനമാക്കി ബാങ്കുകളെ തരംതിരിച്ചിരിക്കുന്നത് എങ്ങനെ?**

**-വാണിജ്യ ബാങ്കുകൾ,**

**-സഹകരണ ബാങ്കുകൾ,**

**-വികസന ബാങ്കുകൾ,**

**-സവിശേഷ ബാങ്കുകൾ.**

BIJU K.K, HSA SOCIAL SCIENCE, GHS TUVVUR

**10. വാണിജ്യ ബാങ്കുകൾ കുറിപ്പ് തയ്യാറാക്കുക.**

-ബാങ്കിങ് മേഖലയിലെ പഴക്കം ചെന്നതും ധാരാളം ശാഖകൾ ഉള്ളതുമായ സംവിധാനം.
-രാജ്യത്തെ സാമ്പത്തിക പ്രവർത്തനങ്ങളിൽ പ്രധാനപങ്കുവഹിക്കുന്നു.
-ജനങ്ങളിൽനിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുകയും വാണിജ്യം, വ്യവസായം, കൃഷി തുടങ്ങിയവയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി വായ്പ നൽകുകയും ചെയ്യുന്നു.
-പൊതുമേഖല വാണിജ്യബാങ്കുകൾ, -സ്വകാര്യ വാണിജ്യബാങ്കുകൾ എന്നിങ്ങനെ വാണിജ്യ ബാങ്കുകളെ രണ്ടായി തിരിക്കാം.

**11. എന്താണ് പൊതുമേഖലാ വാണിജ്യബാങ്കുകൾ? ഉദാഹരണം എഴുതുക.**

-പൊതുമേഖലാ വാണിജ്യബാങ്കുകളുടെ ഉടമസ്ഥത പൂർണമായും സർക്കാരിനാണ്.
-ഇവയുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് ഭാരതീയറിസർവ് ബാങ്ക് ആണ്.
-ഭാരതീയ സ്റ്റേറ്റ് ബാങ്ക്, റീജിയണൽ റൂറൽ ബാങ്കുകൾ, 19 ദേശസാൽകൃത ബാങ്കുകൾ എന്നിവ ചേർന്നതാണ് ഇന്ത്യയിലെ പൊതുമേഖല വാണിജ്യബാങ്കുകൾ.

**12. എന്താണ് സ്വകാര്യ വാണിജ്യബാങ്കുകൾ**

-സ്വകാര്യ വാണിജ്യബാങ്കുകളെ രണ്ടായി തിരിക്കാം
-സ്വകാര്യ ഇന്ത്യൻ വാണിജ്യ ബാങ്കുകൾ
-സ്വകാര്യ വിദേശ വാണിജ്യ ബാങ്കുകൾ
-രണ്ടിന്റെയും ഉടമസ്ഥത സ്വകാര്യ വ്യക്തികൾക്കാണ്.
-ഇവ റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമായാണ് പ്രവർത്തിക്കുന്നത്.
-ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ആസ്ഥാനം വിദേശത്ത് പ്രവർത്തിക്കുന്നതുമായ ബാങ്കുകളാണ് സ്വകാര്യ വിദേശ ബാങ്കുകൾ.

**13. വാണിജ്യ ബാങ്കുകളുടെ ധർമ്മങ്ങൾ ഏവ?**

-നിക്ഷേപങ്ങൾ സ്വീകരിക്കൽ,
-വായ്പകൾ നൽകൽ,
-മറ്റു സൗകര്യങ്ങൾ നൽകൽ,
-സേവനങ്ങൾ നൽകൽ.

**14. വാണിജ്യബാങ്കുകൾ സ്വീകരിക്കുന്ന നിക്ഷേപങ്ങൾ ഏവ?**

-സമ്പാദ്യ നിക്ഷേപം, -പ്രചലിത നിക്ഷേപം,
-സ്ഥിരനിക്ഷേപം, -ആവർത്തിത നിക്ഷേപം.

**15. സമ്പാദ്യ നിക്ഷേപത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.**

-പൊതുജനങ്ങൾക്ക് അവരുടെ സമ്പാദ്യം നിക്ഷേപിക്കാൻ സഹായിക്കുന്ന പദ്ധതിയാണിത്.
-ഈ നിക്ഷേപത്തിന് ബാങ്കുകൾ കുറഞ്ഞ പലിശ നൽകുന്നു.
-നിയന്ത്രണങ്ങൾക്കു വിധേയമായി നിക്ഷേപകന് ഈ നിക്ഷേപത്തിൽ നിന്നും പണം പിൻവലിക്കാം.
-ഒരു കാലയളവിൽ എത്രപ്രാവശ്യം പണം പിൻവലിക്കാൻ കഴിയുമെന്നും എത്ര രൂപ പിൻവലിക്കാൻ കഴിയുമെന്നുമുള്ള കാര്യത്തിൽ പല ബാങ്കുകളും പല രീതിയാണ് സ്വീകരിച്ചിട്ടുള്ളത്.
-നിക്ഷേപകന്റെ ബാങ്ക് ഇടപാടുകൾ രേഖപ്പെടുത്തിയ പാസ്ബുക്ക് നിക്ഷേപകന് നൽകുന്നു.

**16. പ്രചലിത നിക്ഷേപത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.**

-ഒരുദിവസം തന്നെ ധാരാളം പ്രാവശ്യം പണം നിക്ഷേപിക്കാനും, പിൻവലിക്കാനും സൗകര്യം നൽകുന്ന നിക്ഷേപമാണിത്.
-വ്യവസായികളും വ്യാപാരികളും ആണ് ഇത്തരം നിക്ഷേപങ്ങൾ കൂടുതലായി ഉപയോഗിക്കുന്നത്.
-ഇത്തരം നിക്ഷേപത്തിന് പലിശ ലഭിക്കുകയില്ല.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

**17. സ്ഥിരനിക്ഷേപത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.**

-വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നിശ്ചിത കാലയളവിലേക്ക് പണം ബാങ്കിൽ നിക്ഷേപിക്കാൻ യോജിച്ചതാണ് സ്ഥിര നിക്ഷേപങ്ങൾ.

-നിക്ഷേപത്തിന് കാലാവധി അടിസ്ഥാനമാക്കിയാണ് പലിശനിരക്ക് നിശ്ചയിക്കുന്നത്.

-നിശ്ചിത കാലാവധിക്ക് മുൻപ് പണം പിൻവലിച്ചാൽ പലിശ നിരക്ക് കുറയും.

**18. ആവർത്തന നിക്ഷേപം സവിശേഷതകൾ കുറിപ്പാക്കുക.**

-ഒരു നിശ്ചിത തുക വീതം ഒരു നിശ്ചിത കാലയളവിലേക്ക് എല്ലാമാസവും നിക്ഷേപിക്കുന്നതാണ് ആവർത്തന നിക്ഷേപം.

-സമ്പാദ്യ നിക്ഷേപത്തെക്കാൾ കൂടിയ പലിശനിരക്ക് ഈ നിക്ഷേപത്തിന് ലഭിക്കും.

-സ്ഥിരനിക്ഷേപത്തിന് ലഭിക്കുന്ന പലിശയെക്കാൾ കുറവായിരിക്കും ആവർത്തന നിക്ഷേപത്തിൽ ലഭിക്കുന്ന പലിശ.

-നിക്ഷേപത്തുക കാലാവധി തീരുന്നതിനു മുൻപ് പിൻവലിച്ചാൽ പലിശ നിരക്ക് കുറയും.

**19. ബാങ്കുകൾ വായ്പകൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ഏവ?**

-പൊതുജനങ്ങളിൽ നിന്നും നിക്ഷേപമായി സ്വീകരിക്കുന്ന തുകയാണ് പൊതുവേ ബാങ്ക് വായ്പയായി നൽകുന്നത്.

-നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശയെക്കാൾ കൂടുതലായിരിക്കും വായ്പകളുടെ പലിശനിരക്ക്.

-വായ്പാകാലാവധി, വായ്പയുടെ ആവശ്യം എന്നിവയ്ക്കനുസരിച്ച് വായ്പയുടെ പലിശ നിരക്കിൽ വ്യത്യാസം വരും.

-ബാങ്കുകൾ വായ്പ അനുവദിക്കുന്നത് ഏതെങ്കിലും ഒരു ഈട് സ്വീകരിച്ചുകൊണ്ടാണ്.

-സ്വർണ്ണം, വസ്തുവിന്റെ ആധാരം മുതലായ ഭൗതിക ആസ്തികളും; സ്ഥിരനിക്ഷേപ പത്രങ്ങൾ, ശമ്പള പത്രം എന്നിവയെല്ലാം ബാങ്കുകൾ ഈടായി സ്വീകരിക്കാറുണ്ട്.

**20. വാണിജ്യ ബാങ്കുകൾ നൽകുന്ന വായ്പകൾ.**

-പണ-വായ്പാ

-ഓവർ ഡ്രാഫ്റ്റ്   എന്നിവയാണ് വാണിജ്യ ബാങ്കുകൾ നൽകുന്ന വായ്പകൾ.

**21. എന്താണ് പണ-വായ്പാ? ഏതെല്ലാം ആവശ്യങ്ങൾക്കാണ് ബാങ്കുകൾ പണ-വായ്പ നൽകുന്നത്?**

-ഈടുകൾ സ്വീകരിച്ച് ബാങ്കുകൾ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകുന്ന വായ്പയാണ് പണവായ്പാ

-കൃഷി ആവശ്യങ്ങൾ, വ്യവസായ ആവശ്യങ്ങൾ, വീട് നിർമാണം, വാഹനങ്ങൾ വാങ്ങാൻ, വീട്ടുപകരണങ്ങൾ വാങ്ങാൻ മുതലായവയ്ക്ക് ബാങ്കുകൾ പണ -വായ്പ നൽകുന്നു.

**22. ഓവർ ഡ്രാഫ്റ്റ് കുറിപ്പ് തയ്യാറാക്കുക.**

-വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിൽ ഉള്ള തുകയേക്കാൾ കൂടുതൽ പണം പിൻവലിക്കാനുള്ള അവസരമാണ് ഓവർ ഡ്രാഫ്റ്റ്

-ബാങ്കുമായി തുടർച്ചയായി ഇടപാടുകൾ നടത്തുന്ന വ്യക്തികൾക്കാണ് ബാങ്ക് ഈ സൗകര്യം നൽകുക.

-പ്രചലിത നിക്ഷേപം ഉള്ളവർക്കാണ് ഈ അവസരം നൽകുന്നത്.

-അധികമായി പിൻവലിച്ച തുകയ്ക്ക് ബാങ്ക് പലിശ ഈടാക്കും.

**23. വാണിജ്യ ബാങ്കുകൾ നൽകുന്ന സൗകര്യങ്ങൾ ഏവ?**

-ലോക്കർ സൗകര്യം

-ഡിമാൻഡ് ഡ്രാഫ്റ്റ്

-മെയിൽ ട്രാൻസ്ഫർ

-ടെലിഗ്രാഫിക് ട്രാൻസ്ഫർ

-എടിഎം സൗകര്യം

-ഡബിറ്റ് കാർഡ് സൗകര്യം.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

**24. ലോക്കർ സൗകര്യം കൊണ്ടുള്ള ഉപയോഗങ്ങൾ.**
-വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അവരുടെ വിലപിടിപ്പുള്ള വസ്തുക്കൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള ലോക്കർ സൗകര്യം മിക്ക ബാങ്കുകളും നൽകുന്നു.
-സാധനങ്ങൾ സുരക്ഷിതമായി വച്ചിട്ടുള്ള ലോക്കറിന്റെ ഒരു താക്കോൽ ഉടമസ്ഥനും ഒന്ന് ബാങ്കിലും സൂക്ഷിക്കും.
-രണ്ടു പേരും കൂടി ചേർന്നാൽ മാത്രമെ ലോക്കർ തുറക്കാനാവൂ.
-ഈ സൗകര്യം അനുവദിക്കുന്നതിന് ഇടപാടുകാരിൽ നിന്നും ഒരു നിശ്ചിതതുക സർവീസ് ചാർജായി ബാങ്കുകൾ ഈടാക്കുന്നു.

**25. ഡിമാൻഡ് ഡ്രാഫ്റ്റ് എന്താണ്?**
-പണം ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് അയക്കാൻ ബാങ്കുകൾ ഒരുക്കുന്ന സൗകര്യമാണ് ഡിമാൻഡ് ഡ്രാഫ്റ്റ്.
-ഇതിന് ബാങ്കിൽ അക്കൗണ്ട് വേണമെന്നില്ല.

**26. മെയിൽ ട്രാൻസ്ഫർ**
-ലോകത്തിലെ ഏതു ഭാഗത്തുനിന്നും സ്വന്തം അക്കൗണ്ടിലേക്കോ മറ്റൊരാളുടെ അക്കൗണ്ടിലേക്കോ പണം അയക്കാനുള്ള സൗകര്യമാണ് മെയിൽ ട്രാൻസ്ഫർ.

**27. ടെലഗ്രാഫിക് ട്രാൻസ്ഫർ**
-മെയിൽ ട്രാൻസ്ഫറിനെക്കാൾ വേഗത്തിൽ സന്ദേശത്തിലൂടെ പണമയക്കാൻ ബാങ്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമാണ് ടെലിഗ്രാഫിക് ട്രാൻസ്ഫർ.

**28. എ.ടി.എം സൗകര്യം കൊണ്ടുള്ള ഗുണം.**
-ബാങ്കിൽ പോകാതെ ഏതുസമയത്തും പണം പിൻവലിക്കാനുള്ള സംവിധാനമാണ് എടിഎം
-ഇപ്പോൾ മിക്ക ബാങ്കുകളും എടിഎം സൗകര്യം നൽകുന്നുണ്ട്.

**29. എ.ടി.എം കാർഡിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ എന്തെല്ലാം?**
-കാർഡിന്റെ നമ്പർ
-ബാങ്കിന്റെ പേര്
-ബാങ്കിന്റെ എംബ്ലം
-കർഡിന്റെ കാലാവധി
-ചിപ്പ്

**30. എ.ടി.എം കാർഡ് ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ എന്തെല്ലാം?**
-എ.ടി.എം കൗണ്ടറിൽ മറ്റാരും ഇല്ലെന്ന് ഉറപ്പാക്കുക.
-എ.ടി.എം പിൻ നമ്പർ മറ്റൊരാൾക്കും നൽകാതിരിക്കുക.
-പണം പിൻവലിച്ച ശേഷം രസീത് സ്വീകരിച്ച് ബാക്കി പണം ഉറപ്പാക്കുക.
-ഈ രസീത് അലക്ഷ്യമായി വലിച്ചെറിയാതിരിക്കുക.
-എ.ടി.എം നഷ്ടപ്പെട്ടാൽ ഉടൻ കാർഡ് ബ്ലോക്കുക.

**31. ക്രെഡിറ്റ് കാർഡ് സൗകര്യം.**
-പണം കയ്യിൽ സൂക്ഷിക്കാതെ സാധനങ്ങൾ വാങ്ങാൻ സഹായിക്കുന്ന സംവിധാനമാണ് ക്രെഡിറ്റ് കാർഡ്.
-ക്രെഡിറ്റ് കാർഡ് എന്നത് ഒരു പ്ലാസ്റ്റിക് കാർഡാണ്.
-അക്കൗണ്ടിൽ പണമില്ലാതെ ഇതുപയോഗിച്ച് സാധനങ്ങളും സേവനങ്ങളും വാങ്ങാൻ കഴിയും.
-നിശ്ചിത ദിവസത്തിനുള്ളിൽ പണം ബാങ്കിൽ നിക്ഷേപിച്ചാൽ മതി.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

**32. വാണിജ്യ ബാങ്കുകൾ നൽകുന്ന മറ്റുസേവനങ്ങൾ**

-നിക്ഷേപകരുടെ ഇൻഷ്വറൻസ് പ്രീമിയം, ടെലിഫോൺ ചാർജ്, വൈദ്യുത ചാർജ് എന്നിവ അടയ്ക്കുക.

-മൊബൈൽ റീചാർജ് ചെയ്യുക.

-യാത്രടിക്കറ്റുകൾ എടുക്കുന്നതിന് സഹായിക്കുക.

-ആദ്യകാലത്ത് ട്രഷറികളിലൂടെ മാത്രം നടന്നിരുന്ന ചില സർക്കാർ പണമിടപാടുകളായ ശമ്പളം, പെൻഷൻ എന്നിവ നൽകുക.

**33. ബാങ്കിംഗ് രംഗത്തെ നൂതനപ്രവണതകൾ ഏവ?**

-ഇലക്ട്രോണിക് ബാങ്കിംഗ്

-കോർബാങ്കിംഗ് എന്നിവയാണ് ബാങ്കിംഗ് രംഗത്തെ നൂതന പ്രവണതകൾ.

**34. എന്താണ് ഇലക്ട്രോണിക് ബാങ്കിങ്?**

-നെറ്റ് ബാങ്കിങ്ങിലൂടെയും ടെലിബാങ്കിംഗിലൂടെയും എല്ലാവിധ ഇടപാടുകളും നടത്താൻ കഴിയുന്ന രീതിയാണ് ഇലക്ട്രോണിക് ബാങ്കിംഗ്.

-എല്ലാസമയത്തും ബാങ്കിംഗ്, -എല്ലായിടത്തും ബാങ്കിംഗ്, -നെറ്റ് ബാങ്കിംഗ്, -മൊബൈൽ ഫോണിലൂടെയുള്ള ബാങ്കിംഗ്, എന്നിവയെല്ലാം ഇലക്ട്രോണിക് ബാങ്കിങ്ങിന്റെ ഭാഗമാണ്.

-ഇതിന് ബാങ്ക് ഉപകരണങ്ങളുടെയും ഉദ്യോഗസ്ഥരുടെയും സഹായം ആവശ്യമില്ല.

-ബാങ്ക് അക്കൗണ്ടും നെറ്റ് ബാങ്കിംഗ് സൗകര്യവും മാത്രം മതി.

**35. നെറ്റ് ബാങ്കിംഗ് കൊണ്ടുള്ള ഗുണങ്ങൾ?**

-വീട്ടിൽനിന്നുതന്നെ ലോകത്തെവിടെയും പണം അയക്കാനും ബില്ലുകൾ അടയ്ക്കാനും കഴിയും.

-ഇതിന് കുറഞ്ഞ സമയം മതിയാകും. -ഇതിനുള്ള സർവീസ് ചാർജ് കുറവാണ്.

**36. കോർബാങ്കിംഗ് എന്താണ്?**

-ഇലക്ട്രോണിക് ബാങ്ക് വഴിയുള്ള ഏറ്റവും പ്രധാനപ്പെട്ട സൗകര്യമാണ് കോർ ബാങ്കിങ്.

-എല്ലാ ബാങ്കുകളുടെയും ശാഖകൾ ഒരു സെൻട്രൽ സെർവറിന്റ കീഴിൽ കൊണ്ടുവന്ന് ബാങ്ക് സേവനങ്ങൾ ഒരു ബാങ്കിൽ നിന്നും മറ്റൊരു ബാങ്കിലേക്ക് സാധ്യമാകുന്ന തരത്തിൽ ക്രമീകരിച്ചിട്ടുള്ള ഒരു സൗകര്യമാണ് കോർബാങ്കിംഗ്.

**37. കോർബാങ്കിംങ് കൊണ്ടുള്ള ഗുണങ്ങൾ?**

-കോർ ബാങ്കിംഗ് വഴി എടിഎം, ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ്, നെറ്റ് ബാങ്കിംഗ്, ടെലി ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ് എന്നിവയെല്ലാം ഒരു കുടക്കീഴിൽ വന്നു.

-ബാങ്ക് ഇടപാടുകൾ ലളിതമായി.

-ഒരു സ്ഥലത്തുള്ള ഒരു വ്യക്തിക്ക് തന്റെ ബാങ്കക്കൗണ്ടിൽ നിന്നും പണം മറ്റൊരു സ്ഥലത്തുള്ള സുഹൃത്തിന്റെ ബാങ്കിലെ അക്കൗണ്ടിലേക്ക് അയക്കാൻ കഴിയും.

**38. എന്താണ് സഹകരണ ബാങ്കുകൾ.**

-'സഹകരണം, സ്വയം സഹായം, പരസ്പരസഹായം' എന്നതാണ് സഹകരണബാങ്കുകളുടെ പ്രവർത്തനതത്വം.

-സാധാരണക്കാർക്ക് പ്രത്യേകിച്ച് ഗ്രാമീണർക്ക് സാമ്പത്തികസഹായം നൽകുക എന്നതാണ് സഹകരണബാങ്കിന്റെ പ്രധാനലക്ഷ്യം.

-കൃഷിക്കാർ, കൈത്തൊഴിലുകാർ, ചെറുകിട വ്യവസായികൾ തുടങ്ങിയവരാണ് സഹകരണ ബാങ്കിൽനിന്ന് കൂടുതൽ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നത്.

**39. സഹകരണ ബാങ്കുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പട്ടികപ്പെടുത്തുക.**

-ജനങ്ങൾക്ക് വായ്പ നൽകുക,

-സ്വകാര്യപണമിടപാട് നടത്തുന്ന വ്യക്തികളിൽനിന്ന് ഗ്രാമീണരെ രക്ഷിക്കുക,

-കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകുക.

-ജനങ്ങളിൽ സമ്പാദ്യ ശീലം വളർത്തുക- എന്നിവ സഹകരണ ബാങ്കുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്.

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

**40. സഹകരണബാങ്കുകളുടെ വിവിധതലങ്ങൾ.**

***സംസ്ഥാന സഹകരണ ബാങ്കുകൾ**

–സംസ്ഥാനത്തെ സഹകരണ രംഗത്തെ ഉയർന്ന ഘടകം.

–ജില്ലാ സഹകരണ ബാങ്കുകൾക്കും പ്രാഥമിക സഹകരണ ബാങ്കിനും സഹായം നൽകുന്നു.

***ജില്ലാ സഹകരണബാങ്കുകൾ**

–ജില്ലാകേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നു.

–പ്രാഥമിക സഹകരണബാങ്കുകൾക്ക് സഹായവുംഉപദേശവും നൽകുന്നു.

***പ്രാഥമിക സഹകരണ ബാങ്കുകൾ**

–ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്നു,

–പ്രവർത്തന പ്രദേശത്തിന്റെ പരിധി കുറവ്,

–ഗ്രാമീണരുടെ സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുന്നു,

–ഗ്രാമീണർക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകുന്നു.

**41. വികസന ബാങ്കുകളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.**

–വ്യവസായം കൃഷി വാണിജ്യം തുടങ്ങിയ മേഖലകളുടെ വികസനത്തിനായി ദീർഘകാല വായ്പകൾ നൽകുന്ന ബാങ്കുകളാണ് വികസന ബാങ്കുകൾ.

–കൃഷി വ്യവസായം വാണിജ്യം എന്നീ മേഖലകളുടെ വികസനത്തിന് സഹായിക്കുന്ന ഏജന്റായിപ്രവർത്തിക്കുന്നു.

–ഇന്ത്യയിലെ വികസനബാങ്കിന് ഉദാഹരണമാണ് ഇൻഡസ്ട്രിയൽ ഫിനാൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ(IFCI)

**42. സവിശേഷ ബാങ്കുകൾ – ഉദാഹരണങ്ങൾ, ലക്ഷ്യങ്ങൾ**

–ചില പ്രത്യേക മേഖലകളുടെ വികസനത്തിന് മാത്രമായി സാമ്പത്തിക സഹായം നൽകുന്ന സ്ഥാപനങ്ങളാണ് ഇവ.

–ഒരു സംരംഭം തുടങ്ങുന്നതിനുള്ള എല്ലാസഹായവും ഇത്തരം ബാങ്കുകൾ ചെയ്തുവരുന്നു.

**എക്സിം ബാങ്ക് ഓഫ് ഇന്ത്യ (Export Import Bank of India)**

–ഉൽപ്പന്നങ്ങൾ കയറ്റി അയക്കുന്നതിനും ഇറക്കുമതി ചെയ്യുന്നതിനും വായ്പ നൽകുന്നു.

–ഈ മേഖലയിലേക്ക് കടന്നു വരുന്ന വ്യക്തികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു.

**ഇന്ത്യൻ ചെറുകിട വ്യവസായ വികസന ബാങ്ക്. (Small industries Development Bank of India – SIDBI)**

–പുതിയ ചെറുകിട വ്യവസായം തുടങ്ങാനും, വ്യവസായങ്ങൾ ആധുനികവൽക്കരിക്കാനും സഹായം നൽകുന്നു.

–ഗ്രാമീണ വ്യവസായത്തെ ഉണർത്തുകയാണ് ലക്ഷ്യം.

**നബാർഡ് (National Bank for Agricultural and Rural Development – NABARD)**

–ഗ്രാമീണ വികസനത്തിനും കാർഷിക വികസനത്തിനുമായി പ്രവർത്തിക്കുന്ന ഇന്ത്യയുടെ പരമോന്നത ബാങ്ക്.

–ഗ്രാമീണ വികസനത്തിനായി പ്രവർത്തിക്കുന്ന ബാങ്കുകളെ ഏകോപിപ്പിക്കുന്ന ബാങ്ക് ആണിത്.

–കൃഷി കൈത്തൊഴിൽ ചെറുകിട വ്യവസായം തുടങ്ങിയവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നു

**43. പ്രത്യേക ലക്ഷ്യത്തോടെ ബാങ്കിംഗ് രംഗത്തേക്ക് പുതുതായിവന്ന ബാങ്കുകൾ?**

–മഹിള ബാങ്കുകൾ

–പെയ്മെന്റ് ബാങ്കുകൾ

–മുദ്ര ബാങ്ക്.

BIJU K, HSA SOCIAL SCIENCE, GHS TUVVUR

**44. മഹിളാ ബാങ്ക്**

-**2013** നവംബറിൽ ആരംഭിച്ച ബാങ്ക് ആണ് ഭാരതീയ മഹിളാ ബാങ്ക്.

-'വനിതാ ശാക്തീകരണം ഇന്ത്യയുടെ ശാക്തീകരണം' എന്നതാണ് ഈ ബാങ്കിന്റെ മുദ്രാവാക്യം.

-ഈ ബാങ്കിന് ഇന്ന് പല സംസ്ഥാനത്തും ശാഖകളുണ്ട്.

-എല്ലാ ജനവിഭാഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നു.

-വായ്പ നൽകുന്നത് കൂടുതലും വനിതകൾക്കാണ്.

-എന്നാൽ മഹിളാ ബാങ്ക് ഇപ്പോൾ എസ്.ബി.ഐ യിൽ ലയിപ്പിച്ചു.

**45. പെയ്മെൻറ് ബാങ്കുകൾ.(On 19 August 2015) സവിശേഷതകൾ.**

-കുറഞ്ഞ വരുമാനക്കാരെയും ചെറുകിട വ്യവസായികളെയും കുടിയേറ്റ തൊഴിലാളികളെയും സഹായിക്കാനായി രൂപം കൊണ്ടബാങ്ക്.

**സവിശേഷതകൾ**

-**100000** രൂപ വരെ മാത്രമേ വ്യക്തികളിൽനിന്നും നിക്ഷേപമായി സ്വീകരിക്കുകയുള്ളൂ.

-നിക്ഷേപങ്ങൾക്ക് ഭാരതീയ റിസർവ് ബാങ്ക് നിശ്ചയിച്ചുള്ള പലിശ നൽകുന്നു.

-ഈ ബാങ്കുകൾ വായ്പ നൽകാറില്ല.

-ബാങ്ക് ഇടപാടുകൾക്ക് നിശ്ചിത ഫീസ് കമ്മീഷനായി ഈടാക്കുന്നു.

-ഡെബിറ്റ് കാർഡ് നൽകും.

-ക്രെഡിറ്റ് കാർഡ് നൽകില്ല.

**46. മുദ്രാബാങ്ക്. Launched by Prime Minister on 8 April 2015**

-ചെറുകിട വായ്പ നൽകുന്നതിനായി അനുവദിച്ച മറ്റൊരു ബാങ്കാണ് മുദ്രാ ബാങ്ക്.

-ചെറുകിട സംരംഭകർക്കും മൈക്രോഫിനാൻസിനും മുദ്രാ ബാങ്ക് സാമ്പത്തിക സഹായം നൽകുന്നു.

**47. എന്താണ് ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ? സവിശേഷതകൾ?**

-ധനകാര്യ രംഗത്ത് പ്രവർത്തിക്കുകയും ബാങ്ക് നൽകുന്ന എല്ലാ ധർമങ്ങളും നിർവഹിക്കാതിരിക്കുകയും ചെയ്യുന്നസ്ഥാപനങ്ങളാണ് ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ.

**സവിശേഷതകൾ**

-നിക്ഷേപങ്ങൾസ്വീകരിക്കുന്നു.

-വായ്പകൾ നൽകുന്നു.

-ചെക്കുകൾ ഉപയോഗിച്ച് പണം പിൻവലിക്കാൻ കഴിയില്ല.

-മെയിൽ ട്രാൻസ്ഫർ സംവിധാനം അനുവദിക്കുന്നില്ല.

-ലോക്കർ സൗകര്യം ലഭിക്കില്ല.

**48. ഏതെല്ലാമാണ് ഇന്ത്യയിലെ ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ?**

-ബാങ്കിതര ധനകാര്യ കമ്പനികൾ.

-മ്യൂച്വൽഫണ്ട് സ്ഥാപനങ്ങൾ.

-ഇൻഷുറൻസ് കമ്പനികൾ.

**49. ബാങ്കിതര ധനകാര്യ കമ്പനികൾ – അവ നൽകുന്ന സേവനങ്ങൾ**

-ഭാരതീയ റിസർവ് ബാങ്കിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നു.

-**1936** ലെ കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

നൽകുന്ന സേവനങ്ങൾ

-ഹയർ പർച്ചേസിന് വായ്പ നൽകുന്ന

-വീട് നിർമ്മാണത്തിന് വായ്പ നൽകുന്നു.

-സ്വർണ്ണ പണയത്തിന്മേൽ വായ്പ നൽകുന്നു.

-സ്ഥിര നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വായ്പ നൽകുന്നു.

-ചിട്ടികൾ നടത്തുന്നു.

ബാങ്കിതര ധനകാര്യ കമ്പനിക്ക് ഉദാഹരണമാണ് കേരളത്തിൽ പ്രവർത്തിക്കുന്ന – കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസ് (കെഎസ്എഫ്ഇ)

BIJU K K, HSA SOCIAL SCIENCE, GHS TUVVUR

**50. മ്യൂച്വൽഫണ്ട് സ്ഥാപനങ്ങൾ.**

-സാധാരണക്കാരായ നിക്ഷേപകരിൽ നിന്നും പണം സമാഹരിച്ച് ഓഹരി കമ്പോളങ്ങളിലും കടപ്പത്രങ്ങൾ അടിസ്ഥാന വികസന മേഖലകൾ എന്നിവയിൽ നിക്ഷേപിച്ച്, ഇതിൽനിന്നും ലഭിക്കുന്ന ലാഭം അഥവാ നഷ്ടം നിക്ഷേപകർക്ക് വീതിച്ചുനൽകുന്ന സ്ഥാപനങ്ങളാണ് മ്യൂച്വൽ ഫണ്ട് സ്ഥാപനങ്ങൾ.

-ഇന്ത്യയിൽ സ്വകാര്യമേഖലയിലും പൊതുമേഖലയിലും നിരവധി മ്യൂച്വൽഫണ്ട് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

**51. പൊതുമേഖലയിൽ പ്രവർത്തിക്കുന്ന മ്യൂച്വൽഫണ്ട് സ്ഥാപനങ്ങൾ.**

-യുണൈറ്റഡ് ട്രസ്റ്റ് ഓഫ് ഇന്ത്യ (യുടിഐ)

-ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ മ്യൂച്വൽഫണ്ട് (എൽഐസി ഐഎംഎഫ്),

-എസ്ബിഐ മ്യൂച്വൽ ഫണ്ട്.

**52. ഇൻഷുറൻസ് കമ്പനികൾ**

-വ്യക്തികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന സ്ഥാപനങ്ങളാണ് ഇൻഷുറൻസ് കമ്പനികൾ.

-ഇവ സാമൂഹിക സുരക്ഷിതത്വവും വ്യക്തിഗത ക്ഷേമവും ഉറപ്പുവരുത്തുന്നു.

-ഇന്ത്യയുടെ ആദ്യത്തെ ഇൻഷുറൻസ് കമ്പനി 1818-ൽ കൊൽക്കത്തയിലാണ് സ്ഥാപിച്ചത്.

-ഇന്ത്യയിൽ വ്യക്തികളുടെ ജീവനും ആരോഗ്യവും സംരക്ഷിക്കുന്നതിനായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൽഐസി)

-അപകടം പ്രകൃതിദുരന്തങ്ങൾ തുടങ്ങിയവമൂലം വ്യക്തികൾക്കുണ്ടാകുന്ന നഷ്ടങ്ങളിൽ നിന്ന് സംരക്ഷിക്കുന്ന നോൺ ലൈഫ് ഇൻഷുറൻസ് കമ്പനികളും ഇന്ത്യയിൽ പ്രവർത്തിക്കുന്നു.

-ജനറൽ ഇൻഷുറൻസ് കമ്പനിയും നാല് അനുബന്ധ കമ്പനികളുമാണ് പൊതുമേഖലാരംഗത്ത് പ്രവർത്തിക്കുന്ന നോൺ ലൈഫ് ഇൻഷുറൻസ് കമ്പനികൾ

-ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്

-യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്.

-ഓറിയന്റൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്.

-നാഷണൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്; എന്നിവയാണ് പൊതുമേഖലാരംഗത്ത് പ്രവർത്തിക്കുന്ന നാല് അനുബന്ധ നോൺ ലൈഫ് ഇൻഷുറൻസ് കമ്പനികൾ

**53. എന്താണ് മൈക്രോഫിനാൻസ്**

-സാധാരണക്കാർക്ക് ലഘുവായ്പ ഉൾപ്പെടെ വിവിധ തരത്തിലുള്ള സാമ്പത്തിക സേവനങ്ങൾ നൽകുക എന്നതാണ് മൈക്രോഫിനാൻസിന്റെ ലക്ഷ്യം.

-സമൂഹത്തിലെ താഴ്ന്ന വരുമാനക്കാരിൽ സമ്പാദ്യ ശീലം വളർത്തുക.

-സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കുക എന്നിവയെല്ലാം ഇതിന്റെ ലക്ഷ്യങ്ങളാണ്.

-കേരളത്തിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ, പുരുഷ സ്വയംസഹായ സംഘങ്ങൾ എന്നിവ മൈക്രോഫിനാൻസ് സ്ഥാപനങ്ങൾക്ക് ഉദാഹരണമാണ്.

**54. കേരളത്തിൽ പ്രവർത്തിക്കുന്ന മൈക്രോഫിനാൻസ് സ്ഥാപനങ്ങളായ കുടുംബശ്രീ, പുരുഷ സ്വയംസഹായ സംഘങ്ങൾ എന്നിവയുടെ പ്രധാനലക്ഷ്യങ്ങൾ ഏവ?**

-വ്യക്തികളിൽ നിന്ന് പണം സമാഹരിച്ച് കൂട്ടായ സാമ്പത്തിക വികസനത്തിന് സഹായിക്കുക.

-പാവപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്താൻ സഹായിക്കുക.

-സമ്പാദ്യശീലം വളർത്തുക.

-കഴിവുകൾ ഗ്രൂപ്പ് വികസനത്തിന് പ്രയോജനപ്പെടുത്തുക.

-അംഗങ്ങൾക്ക് ആവശ്യസമയത്ത് വായ്പ നൽകുക.

-ചെറുകിട സംരംഭങ്ങൾ ആരംഭിക്കുക.

BIJU K, HSA SOCIAL SCIENCE, GHS TUVVUR